**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **20-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കലയിൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വർക്കലയിൽ നിന്നും ആരംഭിക്കുന്നതും വർക്കലയിൽ എത്തിച്ചേരുന്നതുമായ എത്ര കെ.എസ്.ആർ.ടി.സി. സർവീസുകൾ കോവിഡ് 19 കാലയളവിനു ശേഷം നിർത്തലാക്കിയെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് 19 കാലയളവിനു ശേഷം വർക്കലയിലേയ്ക്ക് നെടുങ്കണ്ടം, പിറവം എന്നീ യൂണിറ്റുകളിൽ നിന്നും നടത്തി വന്നിരുന്ന ഓരോ സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. മറ്റ് സർവീസുകൾ ഒന്നും തന്നെ കോവിഡിന് ശേഷം നിർത്തലാക്കിയിട്ടില്ല.<br><br>റൂട്ട് റാഷണലൈസേഷന്റെ ഭാഗമായും, ഡീസൽ ചെലവ് കുറക്കുന്നതിന്റെ ഭാഗമായും പിറവം യൂണിറ്റിൽ നിന്നുള്ള വർക്കല സർവീസിന്റെ ട്രിപ്പ് 16.03.2024-ലും, നെടുങ്കണ്ടം യൂണിറ്റിൽ നിന്നുള്ള വർക്കല സർവീസിന്റെ ട്രിപ്പ് 29.06.2021 മുതലും കൊല്ലം വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | വർക്കലയിൽ കോവിഡിനുശേഷം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ